# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി, കുത്തിയതോട്, ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തുകൾ - 2010-11, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക യഥാക്രമം 3.1, 3.5, 3.5, തുറവൂർ ഗ്രാമപഞ്ചായത്ത് 2012-13, ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11, ചിങ്ങോലി ഗ്രാമപഞ്ചായത്ത് 2011-12, ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ) നം.621/16/തസ്വഭവ.** **തിരുവനന്തപുരം,തീയതി: 15/02/2016**

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 20/07/2015-ലെ എം3-21850/15, 17/07/2015-ലെ എം3-21848/15, 20/07/2015-ലെ എം3-22177/15, 20/07/2015-ലെ 21847/15, 25/07/2015-ലെ എം3-22174/15 നമ്പർ കത്തുകൾ.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് , തുറവൂർ , അരൂക്കുറ്റി , ചേന്നംപള്ളിപ്പുറം, ചിങ്ങോലി എന്നിങ്ങനെ 5 ഓളം ഗ്രാമപഞ്ചായത്തുകളുടെ വിവിധ വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകളിൽ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനായി ചെലവാക്കിയ വിവിധ തുകകൾ ആഡിറ്റ് തടസ്സപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതിവിദ്യാർത്ഥികളുടെ ക്ഷേമത്തിനായി പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളിലാണ് ആഡിറ്റ് തടസ്സം വന്നിട്ടുള്ളത്. ആഡിറ്റ് തടസ്സത്തിന്റെ വിശദാംശങ്ങൾ പട്ടികയായി ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ആഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക |
|---|---|---|---|---|
| 1. | അരൂക്കുറ്റി | 2010-2011,2011-2012 | 3-1 | 1,79,905/-(ഒരു ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി തൊള്ളായിരത്തിയഞ്ച് രൂപ മാത്രം) |
| 2. | തുറവൂർ | 2012-2013 | 3-11 | 1,49,000/- (ഒരു ലക്ഷത്തി നാല്പത്തിയൊമ്പതിനായിരം രൂപ മാത്രം) |
| 3. | കുത്തിയതോട് | 2010-2011,2011-2012 | 3-5 | 1,04,250/- (ഒരു ലക്ഷത്തി നാലായിരത്തി ഇരുനൂറ്റി അമ്പത് രൂപ മാത്രം) |
| 4. | ചേന്നം പള്ളിപ്പുറം | 2010-2011,2011-2012 | 3-5 | 22, 885/- ( ഇരുപത്തിരണ്ടായിരത്തി എണ്ണൂറ്റി എൺപത്തിയഞ്ച് രൂപ മാത്രം) |

| | | | | |
|---|---|---|---|---|
| 5. | ചിങ്ങോലി | 2011-2012 | 3.1 | 1,11,000/- (ഒരു ലക്ഷത്തി പതിനൊന്നായിരം രൂപ മാത്രം) |

ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം , ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് , ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിശുപാർശ തീരുമാനം എന്നിവ സഹിതം കുത്തിയതോട് , തുറവൂർ , അരൂക്കുറ്റി , ചിങ്ങോലി , ചേന്നംപള്ളിപ്പുറം എന്നീ ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത്ഡയറക്ടർ മുഖേന സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ചെലവ് തദ്ദേശസ്വയംഭരണ സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്തതിനാലാണ് തടസ്സം വന്നിട്ടുള്ളത് . നിർദ്ധനരായ പട്ടികജാതി വിദ്യാർത്ഥികളുടെ അടിസ്ഥാനവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും അവരെ സ്കൂളുകളിലേക്ക് ആകർഷിക്കുന്നതിനും ഇത്തരം പദ്ധതികൾ അനിവാര്യമാണെന്ന് വിവിധ ഗ്രാമപഞ്ചായത്തുകളിലെ പഞ്ചായത്ത് കമ്മിറ്റികൾ വ്യക്തമാക്കിയിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.നിലവിൽ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിനൽകുന്നത് പദ്ധതിമാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ വിശദീകരണം, ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിശുപാർശ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലും മേൽപട്ടികയിൽ പരാമർശിച്ചിട്ടുള്ള വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ കുത്തിയതോട് , തുറവൂർ , അരൂക്കുറ്റി , ചേന്നംപള്ളിപ്പുറം, ചിങ്ങോലി എന്നീ ഗ്രാമപഞ്ചായത്തുകൾ ചെലവുചെയ്തിട്ടുള്ള പരാമശിത പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ളതുമായ തുകകൾക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
സെക്രട്ടറി, അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
സെക്രട്ടറി, തുറവൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
സെക്രട്ടറി, കുത്തിയതോട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
സെക്രട്ടറി, ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
സെക്രട്ടറി, ചിങ്ങോലി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ